# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 597 **30.06.2016 - ൽ മറുപടിക്ക്**

## അനധികൃത മിനറൽ വാട്ടർ ബ്രാൻഡുകളുടെ നിരോധനം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന മിനറൽ വാട്ടർ ബ്രാൻഡുകൾ സംസ്ഥാനത്തിൽ ധാരാളമായി വിറ്റഴിക്ക പ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: വിശദാംശം നൽകാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന മിനറൽ വാട്ടർ ബ്രാൻഡുകൾ സംസ്ഥാനത്ത് അതിർത്തി ജില്ലകളിൽ കൂടുതലായി വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ വിവിധ ബ്രാൻഡുകളിലുള്ള മിനറൽ വാട്ടർ വിറ്റഴിക്കപ്പെടുന്നുണ്ട്. കൂടാതെ Aqua Fina, Kinley, Himalaya മുതലായ വൻകിട ബ്രാൻഡുകളുടെ കുടിവെള്ളം വിൽപ്പന സംസ്ഥാന വ്യാപകമായി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം ബ്രാൻഡഡ് മിനറൽ വാട്ടറിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ഇത്തരം കുടിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ലാബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കി നിശ്ചിത ഗുണനിലവാരം ഇല്ലെന്നു കണ്ടെത്തുന്ന സംഗതികളിൽ ഉൽപ്പാദകർക്കും വിപണനം ചെയ്യുന്നവർക്കും വിറ്റഴിക്കുന്നവർക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഏഴു കേസ്സുകൾ ഈ വർഷം ഫയൽ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൃത്യമായ ഇടവേളകളിൽ ഇവയുടെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്തെ വിവിധ നിർമ്മാണ യൂണിറ്റുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത കാലയളവുകളിൽ സ്ക്വാഡുകളെ നിയോഗിച്ച് പരിശോധന നടത്തുകയും, കുപ്പിവെള്ളത്തിന്റെ ഫോർമൽ സാമ്പിളുകളും, ഇൻഫോർമൽ സാമ്പിളുകളും ലബോറട്ടറി പരിശോധനയ്ക്കായി എടുത്ത് കുറ്റക്കാർക്കെതിരെ നടപടികൾ നിയമാനുസൃതം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഗുണമേന്മയില്ലാത്ത മിനറൽ വാട്ടർ വിറ്റഴിക്കുന്ന കമ്പനികളെ നിരോധിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഉണ്ടെങ്കിൽ ആയത് പൊതുജനങ്ങളെ യഥാസമയം അറിയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നിരോധന ഉത്തരവുകൾ പുറപ്പെടുവിച്ചാൽ, പകർപ്പ് ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.foodsafety.kerala.gov.in-ൽ പ്രസിദ്ധീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ